ഭരണഭാഷ മാതൃഭാഷ

ഹയർസെക്കന്ററി വിദ്യഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം

എസിഡി. സി1/2777/എച്ച.എസ്.ഇ/14 തീയതി : 30/01/2015

## സർക്കുലർ

വിഷയം :- എച്ച്.എസ്.ഇ – ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന :-
1. 20/11/14 ലെ APC1 –29928/14 നമ്പർ എക്സൈസ് കമ്മീഷണറുടെ കത്ത്
2. 17/09/14 ലെ 48612/ജി3/14 പൊവിവ നമ്പർ സർക്കാർ കത്തും നിയമസഭ സബ്ജക്ട് കമ്മിറ്റി ശുപാർശയും

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഭാവി തലമുറ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തിയിലേക്ക് വഴുതി വീഴുന്നത് തടയേണ്ടത് അനിവാര്യമായതിനാൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചാകണമെന്ന് നിയമസഭാസമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തയ്യാറാക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങൾ, സാമ്പത്തിക ബാദ്ധ്യതകൾ, കുടുംബപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ചാ ക്ലാസ്സുകൾ, ഫോട്ടോ പ്രദർശനം, ലഘുലേഖകൾ വിതരണം ചെയ്യൽ, ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ, മാജിക് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കണമെന്നും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ ഇല്ലായ്മ ചെയ്യുന്നതിന് മദ്യവിരുദ്ധ സംഘടനകൾ കൗൺസിലേഴ്സ്

ചൈൽഡ് സൈക്യാട്രി എന്നീ രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരുടെ അഭിപ്രായം കൂടി ആരായണമെന്ന് നിയമസഭാസമിതി ശുപാർശ ചെയ്തിട്ടുണ്ട്.

ലഹരി വിരുദ്ധ ക്ലബ്ബുകൾ സ്കൂൾ തലത്തിൽ രൂപീകരിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് തയ്യാറാക്കിയ മാർഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അടുത്ത അദ്ധ്യയനവർഷം മുതൽ പരമാവധി സ്കൂളുകളിൽ ടി ക്ലബ്ബുകൾ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാരും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
കെ.എൻ.സതീഷ്. ഐ.എ.എസ്.
ഡയറക്ടർ

പകർപ്പ്

1. എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. കരുതൽ ഫയൽ / അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

17

## സ്കൂൾതല ലഹരി വിരുദ്ധ ക്ലബ്

## 2014 – 2015 – പദ്ധതി രേഖ

**ആമുഖം**

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നാൾക്കുനാൾ ജനങ്ങളിൽ വർദ്ധിച്ചു വരുന്നതായി കാണുന്നു. ഇത് ഒരു വലിയ സാമൂഹിക വിപത്തായി മാറിയിട്ടുണ്ട്. ഭാവി തലമുറയെ ഈ ആപത്തിൽ നിന്നും രക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടിയാണ് സർക്കാർ/പൊതു വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2012-2013 വർഷത്തിൽ 806 ലഹരി വിരുദ്ധ ക്ലബുകൾ സ്ഥാപിക്കുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ 775 ലഹരി വിരുദ്ധ ക്ലബുകൾ മാത്രമേ ആരംഭിക്കുവാൻ കഴിഞ്ഞുള്ളൂ. 2013-2014 വർഷത്തിൽ 806 ലഹരി വിരുദ്ധ ക്ലബുകൾ എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഊന്നൽ നൽകി ഊർജ്ജിതമായി പ്രവർത്തിച്ചതിന്റെ ഫലമായി 1011 ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ചു. ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും, അടുക്കും ചിട്ടയോടെയും നടത്തേണ്ടതുണ്ട്.

**ലക്ഷ്യം:-**

1. ലഹരി വിരുദ്ധ ക്ലബുകളുടെ എണ്ണം 1500 ആയി വർദ്ധിപ്പിക്കുക.
2. ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം ഊർജ്ജിതവും, കാര്യക്ഷമവും, ചിട്ടയുള്ളതുമാക്കുക.
3. വിദ്യാർത്ഥികളെക്കൊണ്ട് കലാപ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.
4. വിദ്യാർത്ഥികളിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ശക്തമായ അവബോധം സൃഷ്ടിക്കുക.
5. വിദ്യാർത്ഥികളെ ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ പ്രചാരകരാക്കുക.
6. ലഹരി വിരുദ്ധ ക്ലബുകളുടെ വാർഷിക യോഗങ്ങൾ സംഘടിപപിക്കുക.

**പ്രവർത്തനങ്ങൾ**

1. ജൂൺ മാസത്തിൽ ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം ആരംഭിക്കുക.
2. ക്ലബുകൾക്കുവേണ്ട പ്രവർത്തന ഫണ്ട് (ആദ്യ ഗഡു) നൽകുക.
3. പുതിയ ക്ലബുകൾ ആരംഭിക്കുക.
4. എല്ലാ മാസത്തിലും ലഹരി വിരുദ്ധ പരിപാടികളും ക്ലബിന്റെ യോഗങ്ങളും നടത്തുക.
5. വിവിധങ്ങളായ കലാപ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ സന്ദേശങ്ങൾ വിദ്യാർത്ഥികൾ സ്കൂളിനകത്തും പുറത്തും പ്രചരിപ്പിക്കുക.
6. എല്ലാ മാസവും ലഹരി വിരുദ്ധ ക്ലബിന്റെ പ്രവർത്തനങ്ങൾ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ നിരീക്ഷിക്കുകയും, സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യുക.

7. ജൂൺ 26, ഒക്ടോബർ 2 എന്നീ തീയതികളിൽ എക്സൈസ് വകുപ്പു നിർദ്ദേശിക്കുന്ന പ്രകാരമുള്ള ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ നടപ്പിലാക്കുക.
8. ലഹരി വിരുദ്ധ വാരാചരണം ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുക. ആയതിനോടനുബന്ധിച്ച് സെമിനാറുകൾ, ലഹരിയുടെ ദൂഷ്യവശങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥിക്കുള്ളിൽ അവബോധം സൃഷ്ടിക്കുക.
9. ലഹരി വിരുദ്ധ കൈയെഴുത്ത് മാസിക തയ്യാറാക്കുക.
10. ലഹരി വിരുദ്ധ ക്ലബുകളുടെ ജില്ലാതല, സംസ്ഥാനതല പൊതുയോഗം സംഘടിപ്പിക്കുകയും അവലോകനം നടത്തുകയും ചെയ്യുക.
11. ലഹരി വിരുദ്ധ ക്ലബ് പ്രവർത്തിക്കുന്ന സ്കൂളിനു ചുറ്റും നിരീക്ഷണം നടത്തി ലഹരിവസ്തുക്കളുടെ വിപണനം, ഉപയോഗം എന്നിവ സംബന്ധിച്ച് അധികൃതരെ അറിയിക്കുക.
12. പ്രവർത്തന കലണ്ടറിനെ ആസ്പദമാക്കി ക്ലബിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

**<u>പ്രവർത്തന കലണ്ടർ പ്രത്യേകം ചേർത്തിരിക്കുന്നു.</u>**

**ധനകാര്യ വിശകലനം**

| | |
|---|---|
| 1. ലഹരി വിരുദ്ധ ക്ലബുകൾക്ക് പ്രവർത്തന ഫണ്ട് (1500 X 1000) 2 ഗഡുക്കളായി നൽകുന്നു. | 15,00,000 |
| 2. ലഹരി വിരുദ്ധ ക്ലബ് കൺവീനർമാർക്ക് വാർഷിക ഹോണറേറിയം (1500 X 500) (ഒറ്റ ഗഡുവായി നൽകും). | 7,50,000 |
| 3. ലഹരി വിരുദ്ധ ക്ലബുകളുടെ ജില്ലാതല സമ്മേളനം (14 X 10,000) ജില്ലാതല സമ്മേളനം ഏതെങ്കിലും സ്കൂളിൽ വച്ച് നടത്തേണ്ടതാണ്. | 1,40,000 |
| 4. സംസ്ഥനതല സമ്മേളനം (ഏതെങ്കിലും സ്കൂളിൽ സംഘടിപ്പിക്കേണ്ടതാണ്.) | 50,000 |
| ആകെ - | 24,40,000/- |

=========

**നേട്ടങ്ങൾ**

1. 1500 ലഹരി വിരുദ്ധ ക്ലബുകൾ എന്ന ലക്ഷ്യം യാഥാർത്ഥ്യമാകും.
2. ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം ഊർജ്ജിതവും, ക്രിയാത്മകവും, ചിട്ടയുള്ളതും ആകും.
3. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ കലാവാസന കളെ പ്രോത്സാഹിപ്പിക്കുവാൻ കഴിയും.
4. വിദ്യാർത്ഥികളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെ ശക്തമായ അവബോധം സൃഷ്ടിക്കുവാനും അവരെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ പ്രചാരകരാക്കാനും സാധിക്കും.
5. വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധതയും, പരസ്പര സൗഹാർദ്ദവും വളർത്തുന്നതിന് സാധിക്കും.
6. കുടുംബത്തിനോടും സമൂഹത്തിനോടും സ്നേഹത്തോടെയും സഹിഷ്ണതയോടെയും സഹവർത്തിത്തോടെയും വർത്തിക്കുന്നതിന് പ്രാപ്തരാകും.

**മേൽനോട്ടം**

ഈ പദ്ധതിയുടെ മേൽനോട്ടം പൂർണ്ണമായും എക്സൈസ് വകുപ്പിനാണ്. റേഞ്ച് ഇൻസ്പെക്ടർമാർ ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം എല്ലാ മാസവും നിരീക്ഷിച്ച് വിലയിരുത്തേണ്ടതാണ്. ലഹരി വിരുദ്ധ ക്ലബുകൾക്ക് നൽകുന്ന തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും വാങ്ങി അതാത് ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ ഏൽപ്പിക്കേണ്ടതാണ്. എല്ലാ മാസവും ജില്ല ലഹരിവിരുദ്ധ ബോധവൽക്കരണ കമ്മറ്റി കോ-ഓഡിനേറ്ററായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ലഹരി വിരുദ്ധ ക്ലബുകളുടെ പ്രവർത്തനം വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മൂന്നു മാസത്തിലൊരിക്കൽ ലഹരിവിരുദ്ധ ക്ലബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തികൊണ്ടുള്ള വിസദമായ റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ (എ.പി.സി)-ക്ക് നൽകേണ്ടതാണ്.

ലഹരി വിരുദ്ധ ക്ലബുകളുടെ വാർഷികയോഗങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂൾതല കൺവീനർ, പ്രസിഡന്റ്, സെക്രട്ടറി, ക്ലബ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ സമ്മേളനം നടത്തേണ്ടതാണ്. ലഹരി വിരുദ്ധ ക്ലബുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ, കൺവീനർമാർ, പി.റ്റി.എ പ്രസിഡന്റ്മാർ, ക്ലബ് പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാനതല സമ്മേളനം നടത്തേണ്ടതാണ്.

**(ഒപ്പ്)**

**എക്സൈസ് കമ്മീഷണർക്കുവേണ്ടി**